**പത്രക്കുറിപ്പ്** **18.06.2022**

## സിഎസ്ഡി കാന്റീനുകളിൽ ഇ-കൊമേഴ്സ് സംവിധാനം ഉടൻ; എംഎസ്എംഇകൾക്ക് ഗുണപ്രദമെന്ന് വ്യാപാർ സെമിനാർ

**കൊച്ചി:** പ്രതിരോധ സേവനങ്ങളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് സാധനങ്ങൾ ഓൺലൈനായി വാങ്ങുന്നതിനായി കാന്റീൻ സ്റ്റോർസ് ഡിപ്പാർട്ട്മെന്റ് (സിഎസ്ഡി) ഇ-കൊമേഴ്സ് സൗകര്യങ്ങൾ പ്രാപ്തമാക്കുന്നതിനുള്ള തയ്യാറെടുപ്പിലാണെന്ന് സിഎസ്ഡി ജനറൽ മാനേജർ മേജർ ജനറൽ വൈ.പി. ഖണ്ഡൂരി പറഞ്ഞു. ഡിജിറ്റൽ പ്ലാറ്റ്ഫോം സ്ഥാപിക്കാനുള്ള നീക്കത്തിന് ജൂലൈ ഒന്നിന് ചേരുന്ന സിഎസ്ഡി ബോർഡ് യോഗം അന്തിമരൂപം നൽകുമെന്നും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ വ്യാപാർ 2022 സെമിനാറിൽ സംസാരിക്കവേ പ്രതിരോധ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞു.

ഡിജിറ്റൽ പ്ലാറ്റ്ഫോം പ്രവർത്തനക്ഷമമാകുമ്പോഴും നിലവിലുള്ള 34 ബ്രിക്ക് ആൻഡ് മോർട്ടാർ ഡിപ്പോകൾ പഴയപടി പ്രവർത്തിക്കുമെന്ന് 'പർച്ചേസ് പ്രോട്ടോക്കോൾ' എന്ന വിഷയത്തിൽ നടന്ന പ്രഭാഷണത്തിൽ ഖണ്ഡൂരി പറഞ്ഞു. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ സിഎസ്ഡിയുടെ ബിസിനസ് പങ്കാളികളുടെ ഒരു ഭാഗം (മൊത്തം 555 ൽ 251) രൂപപ്പെടുത്തുന്നതിനാൽ ഇത് എംഎസ്എംഇകൾക്ക് പ്രയോജനകരമാകും.

ര ുവർഷത്തെ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് സിഎസ്ഡി ഔട്ട്ലറ്റുകൾക്ക് ഓൺലൈൻ രൂപം കൂടി നൽകുന്നത്. 2020 മാർച്ച് മുതൽ നിലവിൽവന്ന കോവിഡ് പ്രോട്ടോക്കോൾ കാരണം രാജ്യത്തെ 45 ലക്ഷത്തോളം സിഎസ്ഡി ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കും നേരിട്ടെത്തി സാധനങ്ങൾ വാങ്ങിക്കാൻ സാധിച്ചിരുന്നില്ല. ഇ-കൊമേഴ്സ് സൗകര്യം നിലവിൽ വരുമ്പോൾ സിഎസ്ഡി കാർഡ് ഉടമകൾക്ക് പ്രതിരോധ കാന്റീനുകളിൽ നിന്ന് സാധനങ്ങൾ വാങ്ങാനാകും. ഇന്ത്യയിലുടനീളമുള്ള ഗുണഭോക്താക്കൾക്ക് പ്ലാറ്റ്ഫോമിന്റെ സേവനം പ്രയോജനപ്പെടും. ഇ-ബുക്കിംഗുകൾ എല്ലാ ദിവസവും 24 മണിക്കൂറുമു ായിരിക്കും. വിതരണം ചെയ്യാതെ സാധനങ്ങൾ കുന്നുകൂടുന്നതും ഇതുവഴി ഒഴിവാക്കാനാകും. പലചരക്ക് സാധനങ്ങൾ, വീട്ടുസാധനങ്ങൾ, സ്റ്റേഷനറികൾ, മദ്യം, വാച്ചുകൾ, ഭക്ഷണം, മരുന്നുകൾ തുടങ്ങിയവയാണ് സിഎസ്ഡി കാന്റീനിൽ വിൽപ്പനയ്ക്കുള്ളത്. ഇവയിൽ മദ്യമൊഴികെ ബാക്കിയെല്ലാം ഇനി ഓൺലൈനിലും ലഭ്യമാകും. സംസ്ഥാനങ്ങളുടെ ജിഎസ്ടി വഹിക്കേ തിനാൽ മദ്യം കാന്റീനിൽ നിന്ന് നേരിട്ട് മാത്രമേ നൽകൂ.

രാജ്യത്തിന്റെ വിദൂര ഭാഗങ്ങളിൽ എത്തിക്കേ തിനാൽ ഫ്രീസർ സ്റ്റോറേജ് ആവശ്യമുള്ള സാധനങ്ങൾ സിഎസ്ഡി വിതരണം ചെയ്യുന്നില്ല. ന്യായവിലയാണ് കാര്യക്ഷമമായ സപ്ലൈ-ചെയിൻ മാനേജ്മെന്റുള്ള സിഎസ്ഡി കാന്റീനുകളുടെ സവിശേഷത. നിലവിൽ 2,000 ജീവനക്കാർക്കു പുറമേ 10,000 പേർക്ക് പരോക്ഷമായി സിഎസ്ഡി കാന്റീൻ തൊഴിൽ നൽകുന്നു ന്നും ഖണ്ഡൂരി കൂട്ടിച്ചേർത്തു.

വ്യവസായ സംരംഭകരുടെ വർഷമായി ആചരിക്കുന്ന 2022-23ൽ കേരളത്തിൽ ഇതുവരെ 14,000 എംഎസ്എംഇ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടു ന്ന് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് (ഡിഐസി) എറണാകുളം ജനറൽ മാനേജർ പി.എ. നജീബ് പറഞ്ഞു. ഈ സാമ്പത്തിക വർഷം 100 കോടി രൂപയിലധികം സബ്സിഡിയായി വിതരണം ചെയ്തു. കൂടാതെ 2195 എംഎസ്എംഇകൾ കെ-സ്വിഫ്റ്റ് വഴി ലൈസൻസ് നേടുകയും 22,206 പേർക്ക് അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. വിവിധ മേഖലകളിൽ സംരംഭകരുടെ സംശയങ്ങളും ആശങ്കകളും പരിഹരിക്കാനുള്ള സംവിധാനമായാണ് ഭരണകൂടം എംഎസ്എംഇ ക്ലിനിക്കുകൾ വിഭാവനം ചെയ്തിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആമസോൺ ഇന്ത്യൻ ചാപ്റ്ററിന്റെ സംഭരണ നടപടിക്രമങ്ങളെക്കുറിച്ച് ആമസോൺ കരിഗറിന്റെയും ആമസോൺ സഹേലിയുടെയും പ്രോഗ്രാം മാനേജരായ ശ്വേത ബറവാനി വിശദീകരിച്ചു.